**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1181** **07-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ പ്രവർത്തികളുടെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഓരോ പദ്ധതിക്കായും കണ്ടെത്തിയിട്ടുള്ള ജലസ്രോതസ്സുകൾ സംബന്ധിച്ച വിവരവും വർഷം മുഴുവൻ ജലലഭ്യത ഉറപ്പുവരുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | **തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർതെക്കേക്കര, തീക്കോയി, കൂട്ടിക്കൽ പഞ്ചായത്തുകൾക്കായി ഇടുക്കി ജില്ലയിലെ മുട്ടം, മാതപ്പാറയിൽ മലങ്കര ഡാമിൽ കിണർ നിർമ്മിച്ചാണ് പദ്ധതിക്കാവശ്യമായ ജലം ശേഖരിക്കുന്നത്. തുടർന്ന് ഈ ജലം നീലൂരിൽ സ്ഥാപിക്കുന്ന 40 ദശലക്ഷം ശേഷിയുള്ള ജല ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച്, കുടിവെള്ളം പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മേൽ പറഞ്ഞ പഞ്ചായത്തുകളിലേക്ക് വിതരണം നടത്തുന്നു. ഈ പദ്ധതിയുടെ ജല സ്രോതസ് സുസ്ഥിരം ആണ്.**<br><br>**എരുമേലി പഞ്ചായത്തിനാവശ്യമായ ജലലഭ്യത ഉറപ്പു വരുത്തുവാൻ എരുമേലി KSEB ഡാമിനുള്ളിലാണ് കുടിവെള്ള പദ്ധതിക്കാവശ്യമായ കിണറും പമ്പ്ഹൗസും നിർമ്മിക്കുവാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br>**മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ മൂരിക്കയത്തു കിണർ നിർമ്മിക്കുന്നതിന് സമീപം ചെക്ക് ഡാം നിർമ്മിക്കുന്നത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാറത്തോട്പഞ്ചായത്തിലെ പദ്ധതിയുടെ സ്രോതസ്സായ മണിമലയാറിലെ വലിയകയത്ത് ജലസേചന വകുപ്പിന്റെ ചെക്ക് ഡാമിനു മുകളിലായിട്ടാണ് പുതിയ കിണർ സ്ഥാപിക്കുന്നത്. ചെക്ക് ഡാം നിലവിലുള്ളതിനാൽ ജല ലഭ്യത ഉറപ്പു വരുത്തുവാൻ കഴിയും. ഇതിൽ അടിഞ്ഞു** |

| | | | |
|---|---|---|---|
| | | | **കൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ വീട്ടുകൾ | നിലവിൽ മൊത്തം കണക്ഷൻ (01.12.2022 വരെ) | ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനു കളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | JJM -ൽ ഇതുവരെ നൽകിയ കണക്ഷൻ |
|---|---|---|---|---|---|---|
| 1 | എരുമേലി | 13790 | 1693 | 10500 | 5885 | 861 |
| 2 | കൂട്ടിക്കൽ | 5325 | 1169 | 4156 | 14874 | 0 |
| 3 | കോരുത്തോട് | 3256 | 0 | 3256 | 7323.95 | 0 |
| 4 | മുണ്ടക്കയം | 16544 | 577 | 16137 | 17847.79 | 150 |
| 5 | പാറത്തോട് | 9624 | 2814 | 7173 | 6914.88 | 270 |
| 6 | പൂഞ്ഞാർ | 4304 | 311 | 4005 | 8681 | 0 |
| 7 | പൂഞ്ഞാർ-തെക്കേകര | 4656 | 1581 | 3125 | 10083 | 0 |
| 8 | തീക്കോയി | 4335 | 868 | 3552 | 10364.78 | 65 |
| 9 | തിടനാട് | 6093 | 2566 | 3527 | 11168 | 0 |
| **ആകെ** | | **67927** | **11579** | **55431** | **93142** | **1346** |

**സെക്ഷൻ ഓഫീസർ**